കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അവണൂർ ഗ്രാമപഞ്ചായത്ത്

2018-19

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ (പി3)293/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680 020
ഇമെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487 2331249
തീയതി: 30.04.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അവണൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :അവണൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അവണൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-28,1-33,3-1എന്നീ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ (പി3)293/ 2020 തീയതി: 30.04.2020

## തൃശ്ശൂർ ജില്ലയിലെ അവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.01.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക് 2018-19 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.02.2020 മുതൽ 14.02.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | റീന ജോസഫ് | ഓഡിറ്റ് ഓഫീസർ |
| | ചൈതന്യ പുരുഷോത്തമൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | സുധ.ഇ.എൻ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ജീജോ ജോബ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | വിജയബാബുരാജ് | 01.04.2018-31.03.2019 |
| സെക്രട്ടറി | കെ.ബി.രെജി | 01.04.2018-31.03.2019 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരു വിവരം

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | പി ജി സോമകുമാർ | 01/04/2018 മുതൽ 31/03/2019 വരെ |
| അസിസ്റ്റൻറ് എഞ്ചിനീയർ | അഞ്ജലി പി.കെ | 01/04/2018 AN മുതൽ 07/05/2018 വരെ |
| | ഒഴിവ് | 08/05/2018 മുതൽ 09/05/2018 വരെ |
| | കിമി ബോസ്.കെ. | 10/05/2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.മിഥുൻ റോഷ് സി കെ | 01/04/2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സ്മൃതി പി എസ് | 01/04/2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.കൃപ വി എസ് | 01/04/2018മുതൽ 31/03/2019 വരെ |
| വെറ്ററിനറി സർജൻ | മഞ്ജു.വി.പി. | 01/04/2018 മുതൽ 31/03/2019 വരെ |
| പ്രധാന അദ്ധ്യാപിക | സൈമി പി വി | 01/04/2018 മുതൽ 31/03/2019 വരെ |
| വി.ഇ.ഒ അവണൂർ സർക്കിൾ | മിനി വി എൻ | 01/04/2018 മുതൽ 14/08/2018 വരെ |
| | സിബി തോമസ് | 15/08/2018 മുതൽ 31/03/2019 വരെ |
| വി.ഇ.ഒ ചൂലിശ്ശേരി സർക്കിൾ | സന്ധ്യ എ കെ | 01/04/2018 മുതൽ 18/09/2018 വരെ |
| | സിബി തോമസ് (അധികച്ചുമതല) | 19/09/2018 മുതൽ 04/01/2019 വരെ |
| | അനു.കെ.സജീവ് | 05/01/2019 മുതൽ 31/03/2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ചിത്ര എം.പി | 01/04/2018 മുതൽ 31/03/2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ഷെർളി.ഇ.ജെ. | 1/04/2018 മുതൽ 12/07/2018 വരെ |
| | നീര.പി.ജി. | 12/07/2018 മുതൽ 31/03/2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സുഷമ.സി.വി. | 01/04/2018 മുതൽ 31/03/2019 വരെ |

ഉള്ളടക്കം

3


| ക്രമ നം | ഖണ്ഡിക | ഖണ്ഡിക നം |
|---|---|---|
| | ഭാഗം – 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |

| | | |
|---|---|---|
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | കാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | മാനവൽ രസീത് പിരിവിലെ അപാകതകൾ | 1-12 |
| 13 | വസ്തുനികുതി നിർണ്ണയം -അപാകതകൾ | 1-13 |
| 14 | അനധികൃത കെട്ടിടങ്ങൾ - നികുതി നിർണ്ണയിക്കേണ്ടതാണ്. | 1-14 |
| 15 | വസ്തുനികുതി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കേണ്ടതാണ് | 1-15 |
| 16 | കെട്ടിട നിർമ്മാണ ക്രമവത്ക്കരണം- രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-16 |
| 17 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-17 |
| 18 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-18 |
| 19 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല | 1-19 |
| 20 | കളക്ഷൻ ചാർജ് | 1-20 |
| 21 | ശമ്പള പരിഷ്ക്കരണ കുടിശ്ശിക -പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല | 1-21 |
| 22 | പത്രപ്പരസ്യ ചാർജ്ജ് - ഡിസ്കൗണ്ട് ലഭിച്ചില്ല | 1-22 |
| 23 | ലീഗൽ ചാർജ്ജസ്- ആദായനികുതി കുറവ് ചെയ്തില്ല | 1-23 |
| 24 | വാഹന പരിപാലനം- രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-24 |
| 25 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- 27,92,826/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-25 |
| 26 | ഗെയിംസ് ഫെസ്റ്റിവൽ രേഖകൾ ഹാജരാക്കിയിട്ടില്ല.-36541രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 27 | തെരുവുവിളക്കുകൾ സംബന്ധിച്ച പദ്ധതികൾ 12,35,967/-രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 28 | ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1-28 |
| 29 | പകൽ വീടുകൾ വൃദ്ധ ജനങ്ങളുടെ ക്ഷേമത്തിനായി ഉപയോഗപ്പെടുത്തുന്നില്ല | 1-29 |
| 30 | കൺവീനർക്ക് അധിക തുക നൽകിയത് | 1-30 |
| 31 | ജി.എസ്.ടി.കോംപൻസേഷൻ നൽകിയത് -കരാറുകാരൻ ജി.എസ്.ടി. അടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-31 |
| 32 | കാന നിർമ്മാണത്തിൽ നിന്നും ലഭിച്ച മണ്ണ് ലേലം- വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-32 |
| 33 | ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നത് സംബന്ധിച്ച് | 1-33 |
| 34 | അസി.എഞ്ചിനീയറുടെ പേരിലുള്ള സ്പെഷ്യൽ | 1-34 |

| | | |
|---|---|---|
| | ടി.എസ്.ബി. അക്കൗണ്ടിലും ദേശസാൽകൃത ബാങ്കിലെ അക്കൗണ്ടിലും തുക നീക്കിയിരിപ്പുള്ളത് സംബന്ധിച്ച് | |
| 35 | മരാമത്ത് പ്രവൃത്തികൾ -ടെണ്ടറുകൾ മത്സരാധിഷ്ഠിതമല്ല | 1-35 |
| 36 | കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയിട്ടില്ല | 1-36 |
| 37 | രജിസ്റ്ററുകൾ/രേഖകൾ ഹാജരാക്കിയിട്ടില്ല | 1-37 |
| ഭാഗം – 2 | | |
| | ഇല്ല | |
| ഭാഗം – 3 | | |
| 38 | കൺവീനർക്ക് അധികം നൽകിയ തുക - 72837/- രൂപ | 3-1 |
| ഭാഗം – 4 | | |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 40 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 41 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 43 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 44 | ഓഡിറ്റ് റിക്കവറി | 4-6 |
| 45 | സ്ഥിര നിക്ഷേപം | 4-7 |
| 46 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 47 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 50 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 51 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 23.03.2018 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. അതു പ്രകാരം പ്രാരംഭ ബാക്കി 1,64,18,462 രൂപയും തൻവർഷ വരവ് 15,25,60,000/-രൂപയും ആകെ 16,89,78,462/- രൂപയുമാണ്. ചെലവ് 16,39,51,800 /-രൂപയും നീക്കിയിരിപ്പ് 50,26,662/- രൂപയുമാണ്.

## 1-2 വാർഷികധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 04.05.2019 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,32,67,695 |
| വരവ് | 8,59,50,124 |
| | |

| | |
|---|---|
| ആകെ | 9,92,17,819 |
| ചെലവ് | 7,68,76,463 |
| നീക്കിയിരിപ്പ് | 2,23,41,356 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 12160000 | 12160000 | 11897387 | 262613 |
| വികസനഫണ്ട് എസ്.സി.പി. | 0 | 8045000 | 8045000 | 7517928 | 527072 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 13300 | 13300 | 0 | 13300 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 16774000 | 16774000 | 16470456 | 303544 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2780000 | 2780000 | 2779998 | 2 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5643000 | 5643000 | 5642998 | 2 |

# 1-5 പദ്ധതി അവലോകനം

2018-19 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 216 | 83630868 | 166 | 56058184 | 41 | 9 | 67% |

# 1-6 തൊഴിലുറപ്പ് പദ്ധതി

.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1579 | 303492 | 305071 | 299354 | 5717 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 9774475 | 9774475 | 9774475 | 0 |
| ആകെ | 1579 | 10077967 | 10079546 | 10073829 | 5717 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 81,000 | 46 |
| കർഷകതൊഴിലാളി പെൻഷൻ | 62,37,100 | 473 |
| വിധവാപെൻഷൻ | 1,00,17,500 | 812 |
| വാർദ്ധക്യകാലപെൻഷൻ | 1,47,61,600 | 1206 |
| വികലാംഗപെൻഷൻ | 32,53,500 | 256 |
| അവിവാഹിതരായ 50 വയസ്സ കഴിഞ്ഞവർക്കുള്ള പെൻഷൻ | 23,85,700 | 191 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 1,20,000 | 4 |

# 1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.02.2020 തിയ്യതിയിൽ 3 pm-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 9,431/- രൂപ (ഒമ്പതിനായിരത്തി നാനൂറ്റി മുപ്പത്തിയൊന്ന രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

<u>സ്റ്റാൻഡിംഗ് കമ്മറ്റികളുടെ മേൽനോട്ടം ശക്തിപ്പെടുത്തണം</u>

വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ച് കിട്ടുന്നതുവരെയുള്ള ആസൂത്രണ നടപടികൾ ഓരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിനുവേണ്ട യോഗങ്ങൾ യഥാസമയം വിളിച്ച് ചേർക്കൽ, മറ്റ് സ്റ്റാൻഡിംഗ് കമ്മറ്റികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകൽ, പദ്ധതി യഥാസമയം പരിശോധനക്കായി സമർപ്പിക്കൽ തുടങ്ങി എല്ലാവിധ മുന്നൊരുക്കങ്ങളും ഇടപെടലുകളും നടത്താനുള്ള ചുമതല വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്കാണ്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ കീഴിലുള്ള മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകൾ അവസ്ഥാ രേഖ പരിഷ്കരിച്ചോയെന്നും തയ്യാറാക്കിയ പ്രോജക്ട് അടിസ്ഥാന വിവരങ്ങൾക്ക് അനുസൃതമാണോയെന്നും, വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ സമയങ്ങളിൽ യോഗം ചേർന്ന് ചുമതലകൾ നിർവ്വഹിക്കുന്നുണ്ടോയെന്നുമുള്ള കാര്യങ്ങളിൽ കൂടുതൽ മേൽനോട്ടമുണ്ടാവണം. ഇതുമായി ബന്ധപ്പെട്ടുള്ള കൂട്ടായ പരിശോധനയുടേയും തീരുമാനങ്ങളുടേയും രേഖപ്പെടുത്തലുകൾ മിനിട്സിലുണ്ടാവണം. ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗ മിനുട്സ് പരിശോധിച്ചാലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ അവസ്ഥാ രേഖ പരിഷ്കരിച്ചോയെന്നും തയ്യാറാക്കിയ പ്രോജക്ട് നിർദ്ദേശങ്ങൾ അടിസ്ഥാന ഡാറ്റയുടെ അടിസ്ഥാനത്തിൽ പൂർണ്ണവും കുറ്റമറ്റതുമാണെന്ന് ഉറപ്പ് വരുത്താൻ നടത്തിയ പരിശോധനയുടെ വിശദാംശം മിനിട്സിലില്ലായെന്ന് കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ അതാത് മേഖലകളിൽ നിർദ്ദേശിച്ച പ്രോജക്ടുകൾ ബന്ധപ്പെട്ട മേഖലകളിലെ അടിസ്ഥാന വിവരങ്ങൾ വ്യക്തമാക്കുന്ന ആവശ്യങ്ങൾക്ക് അനുസൃതമാണെന്നും ഉറപ്പ് വരുത്തണം. പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിക്കേണ്ടതും പ്രസ്തുത മോണിറ്ററിംഗ് കമ്മറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതാണ്. എന്നാൽ 2018-19 ലെ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് ബുക്കുകളുടെ പരിശോധനയിൽ ഓരോ വർക്കിംഗ് ഗ്രൂപ്പുകളും 2 തവണ മാത്രമേ കൂടിയിട്ടുള്ളൂ. പലതിലും തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

<u>വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല</u>

മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിങ്ങ് ഗ്രൂപ്പ് മിനിറ്റ്സ് രേഖപ്പെടുത്തൽ പൂർണമാക്കി കാലികമായി സൂക്ഷിച്ചിട്ടില്ല. 3.11.18, 15.12.18 തിയതികളിൽ യോഗം ചേർന്നിട്ടുണ്ടെങ്കിലും 3.11.18 ലെ യോഗത്തിൽ ഒരാൾ മാത്രമാണ് ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളിൽ മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ, വനിതാ ക്ഷീരകർഷകർക്കുള്ള കറവപ്പശു കാലിത്തീറ്റ വിതരണ പദ്ധതി, മൃഗാശുപത്രിയിലേക്ക് ബില്ലിംഗ് മെഷീൻ വാങ്ങൽ എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി, കന്നുകുട്ടി പരിപാലന പദ്ധതി, കറവപ്പശുക്കളെ വാങ്ങുന്ന പദ്ധതി, കിടാരി വളർത്തൽ പദ്ധതി, ആട്ട വളർത്തൽ പദ്ധതി, പശുക്കളിലെ വന്ധ്യതാ നിവാരണ പദ്ധതി എന്നിവ പദ്ധതികളാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി മാറണമെന്ന മാർഗ്ഗരേഖാ നിർദ്ദേശം പാലിച്ചിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12/2019 | നവംബർ 2019 | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26/11/2014 മുതൽ 09/12/2014 വരെ | 2009-10 to 2013-14 | 08.01.15 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രക | 2206358 | 2092711 | 107502 | 10714 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2206358 | 2082250(2092711-10461Advance to next year) | 77174 | 10723 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | *(11260 /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്ന |

സാംഖ്യ പ്രകാരം 60,937 രൂപ prior period income on residential ബിൽഡിങ്ങിൽ നിന്നും മാറ്റിയതിനാൽ അംഗീകരിക്കുന്നില്ല. (ആകെ 1,13,394/- രൂപ തൻവർഷം അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്. അതിൽ 60,937 രൂപ കഴിച്ച് ബാക്കി തുക 77,174 രൂപ).

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീക രിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3035475 | 2582099 | 142280 | 324328 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3035475 | 2571172(2582119-10947Advance to next year) | 48049 | 324352 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *(340570 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 221302 | 214587 | 13546 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *122791 | 214587 | 13569** |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (35341+93590=128931/105*100) =122791 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (14248/105X100) |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1542815 | 249519 | 1294319 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1786959 | 247323 | 1294473 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) 555750+1320557=1876307* (/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (1359197/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

പ്രയർ പിരീഡ് ഇൻകം ഇനത്തിൽ നിന്നും സർവ്വീസ് സെസ്സിലേക്ക് മാറ്റിയ 91,926/രൂപയാണ് അവിടെ നിന്നും അഡ്വാൻസ് അഡ്ജസ്റ്റ്മെന്റായി Non residence ലേക്ക് മാറ്റിയിട്ടുള്ളത്.

2.2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 112571 | 11758 | 124329 | 105922 | 10943 | 116865 | 5697 | - | 546 | 702 | 1246 |
| | നോൺ-റെസിഡൻഷ്യൽ | 153481 | 77385 | 230866 | 128277 | 12512 | 140789 | 8105 | - | 16242 | 64878 | 81120 |
| | ആകെ | | | 252606 | | | 257654 | | | 82368 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 95668+24057=119725 | | | 260319 | | | -- | 32951 | 87314 | | |
| | | 2017-18 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15, 431910101- State govt. Cess/levies...ledger 18-19. | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt . Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

ലൈബ്രറി സെസ്സ് ഡിമാന്റ് ചെയ്തിട്ടില്ല.

2.3.സർവ്വീസ് സെസ്സ്( റസിഡൻഷ്യൽ)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 368389 | 349339 | 18092 | 1793 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 368389 | 349339 | - | 1793 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410106-Advance collection-PT on Residential bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3.1. സർവ്വീസ് സെസ്സ്( നോൺ റസിഡൻഷ്യൽ)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 414954 | 350742 | 16445 | 46252 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 414954 | 350983 | - | 46252 |
| | (ഇൻകം &എക്സ്പെൻഡിച്ചർ | (റസീറ്റ് & പേയ്മെന്റ് | ( 350410106-Advance | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ |

| | | | | |
|---|---|---|---|---|
| | അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | പത്രിക, ഷെഡ്യൂൾ ആർ.പി-43) | collection-PT on NR bldg-ന്റെ ലെഡ്ജർ) | ബി-15) |

2.3.2. സർവ്വീസ് സെസ്സ് അരിയർ (റസിഡൻഷ്യൽ)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 37012 | 35631 | - | 2271 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 20854 | 35631 | - | 2271 |
| | 2017-18 B-15 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 35041010- Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3.3 സർവ്വീസ് സെസ്സ് അരിയർ( നോൺ റസിഡൻഷ്യൽ)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 251081 | 41051 | - | 211391 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 252195 | 41384 | - | 211391 |
| | 2017-18 B-15 | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും, സർവ്വീസ് സെസ്സിന്റേയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:2.1.1, 2.1.2, 2.2.1,.2.2.2, 2.2.3, 2.2.4,2.2.5,2.2.6, 2.2.7 എന്നീ ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ. | ശീർഷകം | ബാലൻസ്ഷീറ്റ് | സഞ്ചയ |
|---|---|---|---|
| | | | |

| നം. | | ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 35178 | 10461 |
| 2 | 350410101-Advance collection of revenues -Property tax on Non-Residential building | 10947 | 10947 |

2.6 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ അവണൂർ ഗ്രാമപഞ്ചായത്തിൽ 282പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non residential buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ട് തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 2,60,319/ രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2,57,634/ രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല.

2.8 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2018 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-19 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues | 24717 | 113394 |

| | | | |
|---|---|---|---|
| | -Property tax on Residential building | | |
| 2 | 350410101-Advance collection of revenues -Property tax on Non-Residential building | 48049 | 139975 |

2.9.തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 1,52,863/-രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.9.1 റെസിഡൻഷ്യൽ

| ക്രമ. നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800265 | 01.04.18 | 60937 |

സാംഖ്യ പ്രകാരം 60,937/- രൂപ prior period income on residential ബിൽഡിങ്ങിൽ നിന്നും മാറ്റിയതിനാൽ അംഗീകരിക്കുന്നില്ല.

2.9.2 നോൺ-റെസിഡൻഷ്യൽ

| ക്രമ. നം | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800283 | 01.04.18 | 91926 |

പ്രയർ പിരീഡ് ഇൻകം ഇനത്തിൽ നിന്നും സർവ്വീസ് സെസ്സിലേക്ക് മാറ്റിയ 91,926/രൂപയാണ് അവിടെ നിന്നും അഡ്വാൻസ് അഡ്ജസ്റ്റ്മെന്റായി Non residense ലേക്ക് മാറ്റിയിട്ടുള്ളത്. ആയതിനാൽ ടി തുക അംഗീകരിക്കുന്നില്ല.

2.10 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 17,25,275/- രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State govt levies in property tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 82,156 (1725275/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 87,314/- രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

3.ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

3.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

3.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

3.4 ലൈബ്രറി രജിസ്റ്റർ

3.5 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

3.6 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

3.7 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

4.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. വസ്തു നികുതിയിനത്തിൽ തൻവർഷം 13,73,445/രൂപ കുടിശ്ശികയുണ്ട്. എന്നാൽ ആയതിന് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് , ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 39483 |
| 280100104-Prior period income-Property tax on non residential buildings | 335837 |
| 280100105-Prior period income-service cess on residential | 2797 |
| 280200401-Prior period income-Other income | 1868 |
| 280100102-Prior period-prof.tax .institution | 16250 |
| 280100106-Prior period- service cess on non residential | 20629 |
| 280200101-prior period-rent | 250 |
| 280200201-prior period -lisence fees | 375 |
| 280600401-prior perid -Recovery of unutilised grant | 499800 |

6.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

7.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

8.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 90,73,661/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,32,67,695/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

9.ട്രഷറി പാസ്സ് ബുക്ക് (Treasury Own Fund-VPFA-1) പാസ് ബുക്ക് ഹാജരാക്കിയിട്ടില്ല. ടി അക്കൗണ്ട് പ്രകാരം 41,018/- രൂപ നീക്കിയിരിപ്പുണ്ട്.

# 1-12 മാനുവൽ രസീത് പിരിവിലെ അപാകതകൾ

1. രസീതുകൾ കാൻസൽ ചെയ്യുമ്പോൾ കാൻസൽ ചെയ്യുന്നതിനുള്ള കാരണം രേഖപ്പെടുത്തേണ്ടതും കാൻസൽ ചെയ്തത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്

ഉദാ:- 29153/83, 5560/92, 29156/29, 57395/69 എന്നീ രസീതുകൾ

2. കൃഷി ഓഫീസർക്ക് അനുവദിച്ച 57392-ാം നമ്പർ രസീത് ബുക്കിന്റെ കളക്ഷൻ രേഖപ്പെടുത്തിയിരിക്കുന്നത് പിരിച്ചെടുത്ത തുകയുടെ പ്രൊജക്ടിന്റെ അടിസ്ഥാനത്തിലാണ്. രസീത് പിരിവ് വിവരങ്ങൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ രസീതിന്റെ ക്രമത്തിൽത്തന്നെ രേഖപ്പെടുത്തേണ്ടതാണ്. ടി രസീത് ബുക്കിന്റെ കളക്ഷൻ രജിസ്റ്ററിൽ 09, 10,11 എന്നീ രസീതുകളുടെ പിരിവ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. സാംഖ്യ രസീത് മാത്രമാണ് പതിപ്പിച്ചിരിക്കുന്നത്. അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

# 1-13 വസ്തുനികുതി നിർണ്ണയം -അപാകതകൾ

ശ്രീമതി.മിനി രവീന്ദ്രൻ, പോരേക്കാട്ടു വളപ്പിൽ, വരടിയം എന്നവരുടെ ഉടമസ്ഥതയിലുള്ള 8/312, 8/314 നമ്പർ സിനിമ തീയേറ്ററും പ്രൊജക്ടർ റൂമും ഒക്യുപൻസി മാറ്റി 9 കടമുറികൾ ആക്കി വിഭജിച്ച് നികുതി നിർണ്ണയിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയും ആയതനുസരിച്ച് 8/312, 8/312എ മുതൽ 8/312 എഫ് വരെ, 8/314, 8/314എ എന്നിങ്ങനെ കെട്ടിട നമ്പറുകൾ അനുവദിക്കുകയും നികുതി നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. ടി ഫയൽ സംബന്ധിച്ച താഴെ പറയുന്ന അപാകതകൾ കണ്ടു.

(എ) ഓരോ കെട്ടിടത്തിനും നികുതി നിർണ്ണയിച്ചു കൊണ്ടുള്ള സഞ്ചയ യിൽ നിന്നുള്ള പത്രിക ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആയത് പ്രകാരം താഴെ പറയുന്ന കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ചതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

| കെട്ടിട നമ്പർ | വിസ്തീർണ്ണം | അടിസ്ഥാന വസ്തുനികുതി | വർദ്ധനവ് | ഇളവ് | നിർണ്ണയിച്ച വാർഷിക വസ്തുനികുതി | നിർണ്ണയിക്കേണ്ട വാർഷിക വസ്തുനികുതി | കുറവ് |
|---|---|---|---|---|---|---|---|
| 8/312 | 83.643 | 35 | 210.245 | 210.245 | 1051.225 | 2928 | 1877 |
| 8/314 | 278.81 | 70 | 3033.4976 | 3033.4976 | 15167.88 | 19517 | 4349 |

നികുതി കുറവായി നിർണ്ണയിച്ചത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (01/10.02.2020) മറുപടിയായി 8/312, 8/314 എന്നീ പഴയ കെട്ടിടങ്ങളുടെ പ്ലിന്ത് ഏരിയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം 53.608 ച.മീ , 62.1316 ച.മീ. ആണെന്നും മേൽ കെട്ടിടങ്ങൾ ടാക്സ് റിവിഷന് വേണ്ടി ഫയൽ സമർപ്പിച്ചതിനാൽ നിലവിലുള്ള പ്ലിന്ത് ഏരിയയേക്കാൾ അധികരിച്ച പ്ലിന്ത് ഏരിയക്കാണ് ( 30.035 * 35), (216.6784 * 70) നികുതി നിർണ്ണയിച്ചിട്ടുള്ളതെന്നും അറിയിച്ചു. എന്നാൽ പഴയ കെട്ടിടം ഒക്യുപൻസി മാറ്റിയതിനാലും പഴയ കെട്ടിടഭാഗങ്ങൾ നിലനിൽക്കുന്നതിനാലും മുഴുവൻ തറവിസ്തീർണ്ണത്തിനും കടമുറിക്ക് ബാധകമായ നികുതി നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്.

(ബി) മേൽ ഫയലിൽ 'സങ്കേതം'സോഫ്റ്റ് വെയറിൽ നിന്നുള്ള നോട്ട് ഫയൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വസ്തുനികുതി നിർണ്ണയം സംബന്ധിച്ച കണക്കാക്കലുകളോ, നികുതി അടവാക്കിയ വിവരങ്ങളോ നോട്ട് ഫയലിൽ നിന്നും ലഭ്യമല്ല.

(സി) കെട്ടിട ഉടമ കെട്ടിടവിവരങ്ങൾ രേഖപ്പെടുത്തി നൽകേണ്ട ഫോറം-2 ൽ കെട്ടിട ഉടമയുടെ പേരും വിലാസവും ഒപ്പും ഒഴികെ മറ്റ് വിവരങ്ങൾ ലഭ്യമല്ല. ഫോറം-2 ൽ വസ്തുനികുതി നിർണ്ണയിക്കുന്ന ഭാഗത്ത് വസ്തുനികുതി, സേവന ഉപനികുതി, ലൈബ്രറി സെസ് എന്നിവ മാത്രം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുകയാണ് ചെയ്യുന്നത്. കെട്ടിടത്തിന്റെ തറവിസ്തീർണ്ണം, ബാധകമായ അടിസ്ഥാന വസ്തുനികുതി, ബാധകമായ ഇളവുകൾ, വർദ്ധനവുകൾ മുതലായ വസ്തുനികുതി നിർണ്ണയം നടത്തിയത് എങ്ങനെയെന്ന് കാണിക്കുന്ന സംബന്ധിച്ച രേഖപ്പെടുത്തലുകൾ നോട്ട് ഫയലിൽ ഇല്ല. സഞ്ചയ യിൽ നിന്നുള്ള ഫോറം-6 ന്റെ പ്രിന്റ് ഔട്ട് ഫയലിൽ സൂക്ഷിക്കുന്നില്ല. പല ഫയലുകളിലും ആധാരത്തിന്റെ പകർപ്പ് അസ്സലുമായി ഒത്തുനോക്കി ശരിയാണെന്ന് സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.

ഉദാ:-എ. അനിൽ കുമാർ, ഊരമ്പത്ത് വീട്, വെളപ്പായ എന്നയാളുടെ 4/580എ എന്ന കെട്ടിടനമ്പർ ഫയൽ

ബി. പോൾസൺ, പൂലോൻ – 6/341എ

സി. ജോയ്, പൊറത്തൂർ – 6/442 എ മുതൽ ഇ വരെ

വസ്തുനികുതി നിർണ്ണയം സംബന്ധിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-14 അനധികൃത കെട്ടിടങ്ങൾ - നികുതി നിർണ്ണയിക്കേണ്ടതാണ്.

ഓഡിറ്റിന് ലഭ്യമാക്കിയ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ പ്രകാരം 34 അനധികൃത കെട്ടിടങ്ങൾ ഉണ്ട്. രജിസ്റ്ററിലെ ക്രമനമ്പർ 1 മുതൽ 10 വരെയുള്ള താഴെ ചേർത്തിരിക്കുന്ന കെട്ടിടങ്ങൾക്ക് യു.എ.നമ്പർ നൽകിയതായോ ചട്ടപ്രകാരം നികുതി നിർണ്ണയിച്ചതായോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇവ പലതിന്റെയും തറവിസ്തീർണ്ണം പെൻസിൽ കൊണ്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മേൽ രേഖപ്പെടുത്തലുകൾ ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1. ഷിബി തോമസ്, കോനിക്കര ഹൗസ്, പൂങ്കുന്നം പി.ഒ
2. ജോബി, എലുവത്തിങ്കൽ, വരടിയം – 292.05 ച.മീ.
3. ബിനു ജോൺസൺ, തേക്കാനത്ത്, കൊളങ്ങാട്ടുകര – 1300 സ്ക്വയർ ഫീറ്റ്
4. ഡോ. കൈരളി, പോട്ടോർ – 563.18 ച.മീ.
5. കെ.വി.അബ്ദുൾ ഖാദർ – 403.39 ച.മീ.
6. ഇ.പി.ജോസ്, എടക്കളത്തൂർ- 446 ച.മീ.
7. വികാരി, സെന്റ് മേരീസ് ചർച്ച് കൊളങ്ങാട്ടുകര
8. വിലാസം വ്യക്തമല്ല – 157.98 ച.മീ.
9. ഫ്രാൻസിസ്, കുന്നപ്പിള്ളി വരടിയം – 159.58 ച.മീ.
10. എ,ആർ.ഹരേഷ്, ഐശ്വര്യ ഹോസ്റ്റൽ

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (11/14.02.2020) മേൽ കെട്ടിടങ്ങളിൽ ക്രമനം.1,3,4,6,7,10 എന്നിവയ്ക്ക് കെട്ടിടനമ്പർ അനുവദിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. നിലവിൽ അനധികൃത കെട്ടിടങ്ങളായി നിലനിൽക്കുന്നവയ്ക്ക് നിയമാനുസൃതം യു.എ.നമ്പർ നൽകി നികുതി നിർണ്ണയിക്കേണ്ടതും ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്. കെട്ടിടനമ്പർ ലഭിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

# 1-15 വസ്തുനികുതി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കേണ്ടതാണ്.

അവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18, 2018-19 വർഷങ്ങളിലെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റുകൾ പ്രകാരം 2018-19 വർഷത്തിലെ വസ്തുനികുതിയുടെ (ലൈബ്രറി സെസ് ഒഴികെ) ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വസ്തുനികുതി (അരിയർ) | 19,09,750 | 4,61,910 | 13,08,090 |
| വസ്തുനികുതി (കറന്റ്) | 52,41,833 | 46,74,830 | 3,35,076 |

2018-19 വർഷത്തിൽ തൻവർഷ വസ്തുനികുതി പിരിവിൽ പുരോഗതി ഉണ്ടെങ്കിലും ആയതനുസരിച്ച് കുടിശ്ശിക വസ്തുനികുതി പിരിവുണ്ടായിട്ടില്ല. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (12/14.02.2020) മറുപടിയായി അരിയർ ബാലൻസ് കാണിച്ചിരിക്കുന്ന തുക റവന്യൂ റിക്കവറി ഫയൽ ചെയ്തിട്ടുള്ളതും, പ്രൊസിക്യൂഷൻ നടപടികൾ നിലനിൽക്കുന്നതും, കോടതി സ്റ്റേ അനുവദിച്ചിട്ടുള്ളതുമാണെന്നും അവയുടെ വർഷം തിരിച്ചുള്ള കണക്ക് എത്രയും പെട്ടെന്ന് ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വസ്തുനികുതി കുടിശ്ശിക വന്നതും റവന്യൂ റിക്കവറി ഫയൽ ചെയ്തതുമായ 5,36,717/- രൂപയുടെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്.

കുടിശ്ശിക പിരിച്ചെടുക്കാനുള്ള നിയമനടപടികൾ സ്വീകരിച്ച കെട്ടിടങ്ങളുടെ നികുതി സംബന്ധിച്ച വിവരങ്ങൾ വർഷം തിരിച്ച് അറിയിക്കേണ്ടതും മറ്റുള്ളവയുടെ കുടിശ്ശിക എത്രയും വേഗം പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 കെട്ടിട നിർമ്മാണ ക്രമവത്ക്കരണം- രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 137 പ്രകാരം നിർമ്മാണം ക്രമവത്ക്കരിക്കുമ്പോൾ അനുബന്ധം-ജെ ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് അനുബന്ധം-ഐ ലേത് പോലുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം രജിസ്റ്റർ സൂക്ഷിക്കുന്നതായോ ഉത്തരവ് പുറപ്പെടുവിക്കുന്നതായോ കാണുന്നില്ല.

അപേക്ഷകളിൽ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല. ഉടമസ്ഥാവകാശം സംബന്ധിച്ച ആധാരം മുതലായ രേഖകളിൽ സാക്ഷ്യപ്പെടുത്തലുകളില്ല.

ഉദാ:-സുജാത കൊളങ്ങരപ്പറമ്പിൽ, ശീതൾ പി.എം., കദളിപ്പറമ്പിൽ, തോമസ് വി.വി. മുതലായവരുടെ പെർമിറ്റ് അപേക്ഷകൾ.

കെട്ടിടനിർമ്മാണ ക്രമവത്ക്കരണത്തിന് ചട്ടപ്രകാരമുള്ള രേഖകൾ സൂക്ഷിക്കേണ്ടതാണ്. കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകളിലെ നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02-12-2015 ൽ സർക്കുലർ നം.12900/ആർ/2015/തസ്വഭവ. പ്രകാരം പാലിക്കപ്പെടേണ്ടതാണ്.

## 1-17 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. എന്നാൽ 2018-19 വർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ, അഭിഭാഷകർ, മറ്റ് പ്രൊഫഷണലുകൾ എന്നിവരെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തുകയോ, തൊഴിൽ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

<u>കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

2018-19 വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി കണക്കാക്കുന്നതിന് സ്റ്റേറ്റ്മെന്റ് വാങ്ങിയതായോ തൊഴിൽ നികുതി അടച്ചതായോ കാണുന്നില്ല. ഇവർ മറ്റേതെങ്കിലും പഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 1-18 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്തിന്റെ ലൈസൻസ്, തൊഴിൽ നികതി ഡിമാന്റ് രജിസ്റ്ററുകൾ പ്രകാരം റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസോ തൊഴിൽ നികുതിയോ ഈടാക്കിയിട്ടില്ല. നിലവിലെ ചട്ടങ്ങൾ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഒടുക്കേണ്ടതാണ്. റേഷൻ കടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് മൂലം ലൈസൻസിനത്തിലും തൊഴിൽ നികുതിയിനത്തിലും വരുമാന നഷ്ടം സംഭവിക്കുന്നു. പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ, തൊഴിൽ നികതി എന്നിവ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ഇ-ടെണ്ടർ ഫീസ് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല

2018-19 വർഷം ഇ-ടെണ്ടറുകൾ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തിന് അർഹമായ ഇ-ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന് അർഹതപ്പെട്ട തുകയായതിനാൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-20 കളക്ഷൻ ചാർജ്

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ ഇപ്രകാരം അടവാക്കിയ തുകയുടെ 1% കളക്ഷൻ ചാർജ് ഇനത്തിൽ ഈടാക്കിയിട്ടില്ല . ആയതിനാൽ ഇപ്രകാരം കളക്ഷൻ ചാർജ് ഈടാക്കുന്നതിന് നടപടികൾ എടുക്കേണ്ടതും ക്ഷേമനിധിവിഹിതം അടവാക്കുന്നത് നിരീക്ഷിക്കാൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

# 1-21 ശമ്പള പരിഷ്ക്കരണ കുടിശ്ശിക -പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല.

2014ലെ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ മൂന്നും, നാലും ഗഡു ജീവനക്കാർക്ക് 2018-19 വർഷത്തിൽ താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം. | തീയതി | തുക |
|---|---|---|---|
| 1 | 21800289 | 20.06.18 | 1,29,616 |
| 2 | 21800290 | 20.06.18 | 41,286 |
| 3 | 21800737 | 20.10.18 | 1,64,858 |

എന്നാൽ ടി തുകകൾക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല. ടി വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.16/14.02.2020) പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി ചലാൻ ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി ചലാൻ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-22 പത്രപ്പരസ്യ ചാർജ്ജ് - ഡിസ്കൗണ്ട് ലഭിച്ചില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 -എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നം./തീയതി | തുക | പത്രം |
|---|---|---|
| 21800195/24.05.18 | 5292 | ദേശാഭിമാനി |
| 21800196/24.05.18 | 7560 | ദേശാഭിമാനി |
| 21800197/24.05.18 | 4812 | മാതൃഭൂമി |
| 21800302/23.06.18 | 6388 | മാതൃഭൂമി |
| 21800419/21.07.18 | 6388 | മാതൃഭൂമി |
| 21800420/21.07.18 | 5292 | ദേശാഭിമാനി |
| 21800596/07.09.18 | 5292 | ദേശാഭിമാനി |
| 21800597/07.09.18 | 7056 | ദേശാഭിമാനി |
| 21800749/12.10.18 | 12776 | മാതൃഭൂമി |
| 21801021/04.12.18 | 17640 | ദേശാഭിമാനി |
| 21801180/11.01.19 | 12776 | മാതൃഭൂമി |
| | | |

| | | |
|---|---|---|
| 21801223/24.01.19 | 5292 | ദേശാഭിമാനി |
| 21801499/19.03.19 | 5292 | ദേശാഭിമാനി |
| 21801616/29.03.19 | 5292 | ദേശാഭിമാനി |
| 21801620/29.03.19 | 6084 | മാതൃഭൂമി |
| ആകെ | 1,13,232 | |

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൌണ്ട് അനുവദിച്ച് കിട്ടുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ടി വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.17/14.02.2020) ഡിസ്കൗണ്ട് അനുവദിക്കുന്നതിന് മാതൃഭൂമി, ദേശാഭിമാനി പത്രങ്ങൾക്ക് കത്ത് നൽകുന്നതാണെന്നും 2019-20 വർഷത്തേക്ക് ഇനിയും നൽകാനുള്ള ബില്ലുകളിൽ നിന്നും ടി തുക കുറവു ചെയ്യുന്നതാണെന്നും രേഖകൾ അടുത്ത ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-23 ലീഗൽ ചാർജ്ജസ്- ആദായനികുതി കുറവ് ചെയ്തില്ല.

പഞ്ചായത്തിന്റെ വിവിധ കേസുകൾക്കായി നിയമസഹായം ലഭ്യമാക്കിയതിനും നിയമോപദേശം ലഭ്യമാക്കുന്നതിനുമായി 2018-19 വർഷത്തിൽ അഡ്വ.അനൂപ്.സി.എ. എന്നയാൾക്ക് താഴെ പറയും പ്രകാരം ഫീസ് നൽകിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം./തീയതി | തുക |
|---|---|---|
| 1 | 21800069 തീയതി.16/04/2018 | 75,000/- |
| 2 | 21800391 തീയതി.13/07/2018 | 75,000/- |
| 3 | 21801207 തീയതി.21/01/2019 | 45,000/- |
| 4 | 21801341 തീയതി.22/02/2019 | 30,000/- |
| | | 2,25,000/- |

1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194ജെ പ്രകാരം ഒരു സാമ്പത്തിക വർഷത്തിലെ 30,000/- രൂപയിൽ അധികമാകുന്ന പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ്. ഈടാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത തുകയിൽ നിന്നും ആദായനികുതി ടി.ഡി.എസ്. ഈടാക്കിയിട്ടില്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-24 വാഹന പരിപാലനം- രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

പഞ്ചായത്തിലെ ബൊലെറോ വാഹനത്തിന് 2018-19 വർഷത്തിലെ തനത് ഫണ്ട് ബിൽ രജിസ്റ്റർ പ്രകാരം 57,133/- രൂപ റിപ്പയറിംഗിനായി ചെലവഴിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് വാഹന പരിപാലന ചട്ടങ്ങൾ പ്രകാരം ലോഗ് ബുക്ക്, വാഹനങ്ങളുടെ ഡീസൽ, ഓയിൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ എന്നിവ സ്ഥാപനം നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. എന്നാൽ ലോഗ് ബുക്ക് മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. ടി വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 14/14.02.2020) മറുപടിയായി ചട്ടപ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ലെന്നും ആയത് തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-25 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- 27,92,826/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ | പ്രോജക്ട് / | ട്രഷറി ബിൽ/ | തുക |
|---|---|---|---|

| നം. | പ്രോജക്റ്റ് നമ്പർ | നമ്പർ തുക | നൽകിയത് |
|---|---|---|---|
| 1 | ഐ.കെ.എം ന് വിഹിതംനൽകൽ 1/19 | 3/28.5.18- 64963 രൂപ | |
| 2 | സുശാന്തം വയോജനക്ഷേമ വിഭവകേന്ദ്രം വിഹിതംനൽകൽ, 8/19 | 5/28.5.18- 50000 | സുശാന്തം സൊസൈറ്റി ഫോർ കെയർ ആന്റ് കംപാഷൻ |
| 3 | വിജ്ഞാൻ സാഗർ വിഹിതം നൽകൽ, 9/19 | 6/28.5.18, 100000 | വിജ്ഞാൻ സാഗർ സയൻസ് ആന്റ് ടെക്നോളജി പാർക്ക് |
| 4 | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ 5/19 | a)32/21.1.19-25960 b)21801558/27.3.19-31152 | KSEB വിയ്യൂർ കെ.എസ്.ഇ.ബി.മുണ്ടൂർ |
| 5 | എടക്കളം ആയുർവേദ ആശുപത്രി പരിസരം കുടിവെള്ളപദ്ധതി, 111/19 | 13/1.8.18-400000 | ഭൂജലവകുപ്പ് |
| 6 | ഉത്രം കളങ്ങര കുടിവെള്ളപദ്ധതി, 112/19 | 14/1.8.18-500000 | ഭൂജലവകുപ്പ് |
| 7 | പഞ്ചമി കുടിവെള്ളപദ്ധതി 113/19 | 24/27.11.18-200000 | ഭൂജലവകുപ്പ് |
| 8 | ജനതാ കുടിവെള്ളപദ്ധതി 114'19 | 19/27.11.19-100000 | ഭൂജലവകുപ്പ് |
| 9 | പാപ്പ കുടിവെള്ള പദ്ധതി, 115/19 | 26/27.11.18-350000 | ഭൂജലവകുപ്പ് |
| 10 | ജലാമൃതം കുടിവെള്ളപദ്ധതി 124/19 | 27/27.11.18-200000 | ഭൂജലവകുപ്പ് |
| 11 | പടിഞ്ഞാട്ടുമുറി കുടിവെള്ളപദ്ധതി, 125/19 | 28/23.11.18-200000 | ഭൂജലവകുപ്പ് |
| 12 | തുള്ളാലുക്കൽകുടിവെള്ളപദ്ധതി 126/19 | 15/1.8.18-550833 | ഭൂജലവകുപ്പ് |
| 13 | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, 4/19 | 21801065/17.12.18-19918 | KSEBമുണ്ടൂർ |
| ആകെ | | 27,92,826 | |

രേഖകൾ ഹാജരാക്കുന്നതു വരെ 27,92,826 /-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

# 1-26 ഗെയിംസ് ഫെസ്റ്റിവൽ രേഖകൾ ഹാജരാക്കിയിട്ടില്ല.-36541രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ-233/19

21801500-19.3.19-16541

21801619/31.3.19-10000

21801618/30.3.19-10000

മേൽ പ്രോജക്റ്റ് പ്രകാരം സ്പോർട്ട്സ് ഗ്യാലറിയിൽ നിന്നും ഇൻവോയ്സ് നമ്പർ 309/18.3.19 പ്രകാരം 16541 രൂപയ്ക്ക് വിവിധ കായികോപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ

ഹാജരാക്കിയിട്ടില്ല.

സ.ഉ (കൈ) നമ്പർ11/18 തീയതി 29.1.18 പ്രകാരംപരിശീലന പരിപാടികൾ സംസ്ഥാന /ജില്ലാ സ്പോർട്ട്സ് കൗൺസിലുകളുടെ പങ്കാളിത്തത്തോടെ നടപ്പാക്കേണ്ടതാണ്. ആയത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ പരിശീലനം നൽകിയ കോച്ചുകൾക്ക് ജില്ലാ സ്പോർട്ട്സ് കൗൺസിൽ അംഗീകാരം ഉള്ളതാണെന്ന തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ 36541 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-27 തെരുവുവിളക്കുകൾ സംബന്ധിച്ച പദ്ധതികൾ 12,35,967/-രൂപ യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1)സ്ട്രീറ്റ് ലൈറ്റ് ഫിറ്റിംഗ്സ് വാങ്ങൽ

പ്രോജക്ട് നമ്പർ-240/19

ട്രഷറി ബിൽ നമ്പർ-40/23.3.19-94500

42/23.3.19-85500

41/233.19-90000

43/23.3.19-67500

സ്റ്റീൽ ഇൻഡസ്ട്രീസ് കേരളാ ലിമിറ്റഡിൽ നിന്നും താഴെ പറയും പ്രകാരം LED ലൈറ്റുകൾ വാങ്ങിയിട്ടുണ്ട്

| ഇൻവോയ്സ് നമ്പർ | എണ്ണം |
|---|---|
| CD /18-19/R/72/18.3.19 | 42 |
| CD /18-19/R/73/18.3.19 | 38 |
| CD /18-19/R/71/18.3.19 | 40 |
| CD /18-19/R/74/18.3.19 | 30 |

അപാകതകൾ

1.സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

2.വാർഡുകളിൽ ലൈറ്റുകൾ സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

3.മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

.രേഖകൾഹാജരാക്കുന്നതു വരെ 337500രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

2) സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്

പ്രോജക്ട് നമ്പർ-240/19

ട്രഷറി ബിൽ നമ്പർ-35/25.1.19-98061

39/23.3.19-71410

23/21.11.18-392246

8/28.6.18-336750

അപാകതകൾ

മെയിന്റൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

വാർഡുകളിൽ ലൈറ്റുകൾ സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

രേഖകൾഹാജരാക്കുന്നതു വരെ 898467/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ആകെ 1235967 രൂപയുടെ (337500+898467 ) ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-28 ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്.

പ്രോജക്ട് നമ്പർ - SOO 22/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

| ഫണ്ടിനം | ചെലവ് |
|---|---|
| പ്ലാൻ ഫണ്ട് | 6/18-19/24.11.18-593600/-<br>9/18-19/15.1.19-200000 /-<br>16/18-19/23.3.19-6400/- |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 100000 |
| ജില്ലാപഞ്ചായത്ത് വിഹിതം | 300000 |

പഞ്ചായത്തീരാജ് /നഗരപാലികാ സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ (എം.എസ് ) നമ്പർ 22/2018/ത.സ്വ.ഭ.വ. തീയതി.14.2.18 പ്രകാരം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഒരു വർഷത്തേക്കുള്ള സ്കോളർഷിപ്പ് താഴെപ്പറയുന്ന പ്രകാരമാണ്.

| ക്രമ നം. | ഇനം | സ്കോളർഷിപ്പ് തുക |
|---|---|---|
| 1 | സ്കോളർഷിപ്പ് പ്രതിമാസം1000/- രൂപ വീതം | 12000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 1500 |
| 3 | പഠനസഹായികൾക്ക്/ വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത (വാർഷികം) | 2000 |
| 4 | ഡേസ്കോളർക്ക് യാത്രാബത്ത (പ്രതിമാസം 1000/- രൂപ വീതം) | 12000 |
| 5 | ഉല്ലാസയാത്രാ ചെലവുകൾ, പഠനപര്യടനം മുതലായവയ്ക്ക് -രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പെടെ | 1000 |
| ആകെ | | 28500 |

പഞ്ചായത്തിലെ 56 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരിൽ 44 പേർ മാനസിക വെല്ലുവിളി നേരിടുന്നവരാണ്. ഇവർക്ക് നൽകിയിരിക്കുന്ന പരമാവധി തുക 25070 രൂപ ആണ്. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പ്രോജക്ട് നടപ്പാക്കുമ്പോൾ പരമാവധി തുകയായ 28,500/- രൂപ തന്നെ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം 300000 രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ 100000 രൂപയാണ് ലഭ്യമായിട്ടുള്ളത്. ഇതും കുട്ടികൾക്കുള്ള വിഹിതം കുറയാൻ കാരണമായിട്ടുണ്ട്. തുടർവർഷങ്ങളിൽ മുഴുവൻ വിഹിതവും ലഭ്യമാവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-29 പകൽ വീടുകൾ വൃദ്ധ ജനങ്ങളുടെ ക്ഷേമത്തിനായി ഉപയോഗപ്പെടുത്തുന്നില്ല

2012-13 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പണികഴിപ്പിച്ച കോളങ്ങാട്ടുകര വൃദ്ധർക്കുള്ള വിശ്രമ കേന്ദ്രത്തിൽ നിലവിൽ പോസ്റ്റ് ഓഫീസ് പ്രവർത്തിച്ചുവരുന്നു. വൃദ്ധ ജനങ്ങളുടെ ക്ഷേമത്തിനായി പകൽ വീടുകൾ സ്ഥാപിതമായി കൊണ്ടിരിക്കെ ടി പ്രവർത്തനത്തിനായി നിർമ്മിച്ചിട്ടുള്ള കെട്ടിടം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് അഭികാമ്യമല്ല എന്ന് പഞ്ചായത്ത് കമ്മിറ്റി 30.11.18 ലെ 1(5) ആയി തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പോസ്റ്റ് ഓഫീസ് മാറ്റുന്നതിനോ പകൽ വീടുകൾ പ്രവർത്തനസജ്ജമാക്കുന്നതിനോ സാധിച്ചിട്ടില്ല.

വെളപ്പായ 4 സെന്റ് കോളനി സാംസ്കാരികനിലയത്തോട് ചേർന്ന് സ്ഥാപിതമായ വൃദ്ധർക്കുള്ള വിശ്രമ കേന്ദ്രവും ഉദ്ദേശലക്ഷ്യത്തിനായി ഉപയോഗപ്പെടുത്തിയിട്ടില്ല. 2012-13, 2013-14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 560000/- രൂപ ചെലവഴിച്ച് പണികഴിപ്പിച്ച കെട്ടിടമാണ് ഇത്. സാംസ്കാരികനിലയം പ്രവർത്തിക്കുന്നു എങ്കിലും പകൽ വീട് പ്രവർത്തനസജ്ജമാക്കിയിട്ടില്ല.

ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-30 കൺവീനർക്ക് അധിക തുക നൽകിയത്

നിർവഹണ ഉദ്യോഗസ്ഥൻ- അസി.എഞ്ചിനീയർ

DSR സ്പെസിഫിക്കേഷൻ ഉപയോഗിച്ച് പ്രൈസിൽ തയ്യാറാക്കിയിട്ടുള്ള പ്രൊജക്ടുകളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുന്ന ഇനങ്ങളുടെ യൂണിറ്റ് നിരക്കുകളിൽ 7.5% ഓവർ ഹെഡ് ചാർജ് ഉൾപ്പെടുന്നുണ്ട്. മൂല്യവർദ്ധിത നികുതി, ആദായ നികുതി, ക്ഷേമനിധി വിഹിതം എന്നിവ അടവാക്കുന്നതിന് വേണ്ടിയാണ് ഓവർ ഹെഡ് ചാർജ് വകയിരുത്തിയിട്ടുള്ളത്. ബിൽ അനുവദിക്കുമ്പോൾ നികുതികൾ കുറവ് ചെയ്ത തുകയാണ് കൺവീനർക്ക് നൽകേണ്ടത്. എന്നാൽ ഏതാനും മരാമത്ത് പ്രവൃത്തികളിൽ മൂല്യ വർദ്ധിത നികുതി കുറക്കാതെ ആദായ നികുതി, ക്ഷേമ നിധി വിഹിതം എന്നിവ മാത്രം കുറച്ചാണ് കൺവീനർക്ക് തുക അനുവദിച്ചത്. മാത്രമല്ല ക്ഷേമ നിധി വിഹിതം യഥാർത്ഥ പ്രവർത്തി മൂല്യത്തോടുകൂടി കൂട്ടിയിടുകയും അത് കുറയ്ക്കുകയുമാണ് ചെയ്തിരിക്കുന്നത്. 7.5% ഓവർ ഹെഡ് ചാർജിനു പകരം 10% ഓവർ ഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുണ്ട്. 2.5% ബില്ലിൽ കുറവു ചെയ്തിട്ടുണ്ട്. എന്നാൽ മൂല്യവർദ്ധിത നികുതി കുറക്കാത്തതിനാലും ക്ഷേമ നിധി വിഹിതം യഥാർത്ഥ പ്രവർത്തി മൂല്യത്തോടുകൂടി കൂട്ടിയിടുകയും ചെയ്തിട്ടുള്ളതിനാൽ ഗുണഭോക്തൃ സമിതി ചെയ്ത ഏതാനും പ്രവൃത്തികളിൽ കൺവീനർക്ക് അധിക തുക നൽകാനിടയായി. (1.7.2017 ന് ശേഷം നടപ്പാക്കുന്ന എല്ലാ മരാമത്ത് പ്രവൃത്തികൾക്കും GST ബാധകമായതിനാൽ മൂല്യവർദ്ധിത നികുതിക്ക് പ്രൊവിഷൻ വച്ച തുക കുറച്ച് കൺവീനർക്ക് നൽകിയാൽ മതി) വിശദ വിവരത്തിന് ഖണ്ഡിക 3-1 കാണുക.

# 1-31 ജി.എസ്.ടി.കോംപൻസേഷൻ നൽകിയത് -കരാറുകാരൻ ജി.എസ്.ടി. അടച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. എഞ്ചിനീയർ

താഴെപ്പറയുന്ന പ്രവൃത്തികൾക്ക് 3% ജി.എസ്.ടി. കോമ്പൻസേഷൻ കൂടി ചേർത്ത തുക കണക്കാക്കിയാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത്. ബില്ലിൽ നിന്ന് ജി.എസ്.ടി. ഈടാക്കിയിട്ടില്ല. ഇപ്രകാരം ജി.എസ്.ടി. കോമ്പൻസേഷൻ നൽകുമ്പോൾ കരാറുകാരൻ ജി.എസ്.ടി. സർക്കാരിലേക്ക് അടച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതായിരുന്നു. എന്നാൽ ജി.എസ്.ടി. അടച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

| പ്രൊജക്ട് , പ്രൊജക്ട് നം. | കരാറുകാരൻ,<br>കരാർ നമ്പർ | അളവ് പുസ്തകം | ചെലവഴിച്ച തുക | ജി.എസ്.ടി. നൽകിയ തുക |
|---|---|---|---|---|
| ഗ്രീൻ ഗാർഡൻ റോഡ് മെറ്റലിംഗ്, | എ.ആർ.മുരളീധരൻ<br>3/18-19,3.8.18 | 48/18-19 | 176260 | 5183 |

| | | | | |
|---|---|---|---|---|
| ടാറിംഗ് (64/19) | | | 111/18-19,27.3.19 | |
| അമ്പാടത്ത് റോഡ് മെറ്റലിംഗ്, ടാറിംഗ് (59/19) | എ.ആർ.മുരളീധരൻ | 44/18-19 | 172931<br>112/18-19,27.3.19 | 5102 |
| വടശ്ശേരി മഹാഔഷധി റോഡ് റീടാറിംഗ് (56/19) | എ.ആർ.മുരളീധരൻ | 14/18-19 | 235357<br>91/18-19,12.3.19 | 6977 |
| ചിറ്റാട്ടുകര സമുദായം റോഡ് മെറ്റലിംഗ്, ടാറിംഗ് (81/19) | കെ.കെ.മുരളീധരൻ | 21/18-19 | 91631<br>94/18-19,12.3.19 | 2702 |
| ഐനിപ്ലാവ് റോഡ് മെറ്റലിംഗ്, ടാറിംഗ് (80/19) | കെ.കെ.മുരളീധരൻ<br>7/18-19,6.8.18 | 22/18-19 | 136746<br>96/18-19,12.3.19 | 4024 |
| 97-ാം നമ്പർ അംഗൻവാടി റോഡ് റീടാറിംഗ് (227/19) | എ.ആർ.മുരളീധരൻ<br>24/18-19,6.9.18 | 15/18-19 | 62305<br>89/18-19,25.2.19 | 1855 |
| കുഞ്ഞങ്ങാടി റോഡ് റീടാറിംഗ് (82/19) | കെ.കെ.മുരളീധരൻ<br>11/18-19,6.8.18 | 20/18-19 | 127950<br>98/18-19,25.3.19 | 3792 |
| ഇത്തപ്പാറ സബ് ലൈൻ റീടാറിംഗ് 85/19 | കെ.കെ.മുരളീധരൻ<br>8/18-19,6.8.18 | 40/18-19 | 151269<br>107/18-19,27.3.19 | 2353 |
| ചീരക്കുഴി മഹാവിഷ്ണുക്ഷേത്രം റോഡ് മെറ്റലിംഗ്, ടാറിംഗ് (47/19) | എ.വി.അബ്ദുൾഖാദർ<br>19/18-19,3.9.18 | 33/18-19 | 158158<br>106/18-19,27.3.19 | 2565 |
| മരുളൂർ സബ് റോഡ് മെറ്റലിംഗ്, ടാറിംഗ് (58/19) | എ.ആർ.മുരളീധരൻ<br>5/18-19,3.8.18 | 42/18-19 | 139524<br>110/18-19,27.3.19 | 4121 |
| സൺടെക് റോഡ് സോളിംഗ് മെറ്റലിംഗ്, ടാറിംഗ് (187/19) | പി.ഒ.ബൈജു<br>52/17-18,9.1.18 | 359/17-18 | 152355<br>83/18-19,11.3.19 | 4478 |
| മഹാത്മാ സബ് ലൈൻ റോഡ് മെറ്റലിംഗ്, ടാറിംഗ് (183/19) | പി.ഒ.ബൈജു<br>53/17-18,9.1.18 | 358/17-18 | 111590<br>81/18-19,11.3.19 | 3291 |
| തങ്ങാലൂർമെഡിക്കൽ കോളേജ് റോഡ് | എ.വി.അബ്ദുൾഖാദർ<br>50/18-19,30.11.18 | 363/17-18 | 85682<br>85/18-19,12.2.19 | 4080<br>(5%GST) |

| | | | | |
|---|---|---|---|---|
| സൈഡ് പ്രൊട്ടക്ഷൻ (241/19) | | | | |
| കരോർ മയിലാട്ടും കുന്ന് റോഡ് റീടാറിംഗ് (46/19) | എ.വി.അബ്ദുൾഖാദർ 21/18-19,3.9.18 | 30/18-19 | 169620 103/18-19,27.3.19 | 5022 |
| വെളപ്പായ ദേവസ്വം എബ്രാന്തിരി മാസ്റ്റർ ലൈൻ റോഡ് മെറ്റലിംഗ്, ടാറിംഗ് (180/19) | പി.ഒ.ബൈജു 55/17-18,9.1.18 | 357/17-18 | 93596 86/18-19,12.2.19 | 2795 |
| സൺടെക് റോഡ് സെക്കന്റ് റീച്ച് മെറ്റലിംഗ്, ടാറിംഗ് (181/19) | പി.ഒ.ബൈജു 63/17-18,9.1.18 | 362/17-18 | 176127 78/18-19,11.3.19 | 5187 |

ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. 63527/-രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-32 കാന നിർമ്മാണത്തിൽ നിന്നും ലഭിച്ച മണ്ണ് ലേലം- വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

താഴെ പറയുന്ന കാന നിർമ്മാണത്തിൽ നിന്നും ലഭിച്ച മണ്ണ് ലേലം ചെയ്യുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയോടെ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അസി. എഞ്ചിനീയർ പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയതായി കാണുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ലഭിച്ച മണ്ണിന്റെ അളവ് | കരാറുകാരൻ, ചെലവ് തുക |
|---|---|---|---|
| 1. | തങ്ങാലൂർ തെർക്കിൽ അമ്പലം റോഡിൽ കാന നിർമ്മാണം (129/19) | $76.27m^3$ | പി.സി.മാത്യു 572868/- 84/18-19, 24.1.19 |

ഭരണസമിതിയുടെ തീരുമാനവും ലേലം നടത്തി വിൽപന നടത്തിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നം 3/10.2.20 നൽകിയെങ്കിലും രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ നാളിതുവരെ ലേലം നടത്തിയിട്ടില്ല എന്നും മണ്ണ് സ്വകാര്യ വ്യക്തിയുടെ പറമ്പിൽ നിക്ഷേപിച്ചിരിക്കയാണെന്നും അസി.എഞ്ചിനീയർ അറിയിക്കുകയുണ്ടായി. നാളിതുവരെയായിട്ടും ഇക്കാര്യത്തിൽ നടപടി എടുക്കാത്തത് തികഞ്ഞ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു.

# 1-33 ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നത് സംബന്ധിച്ച്

PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

2018-19 വർഷത്തിൽ നർവഹിച്ച റോഡ് ടാറിംഗ് പ്രവൃത്തികളുടെ എസ്ററിമേറ്റുകളിൽ ഉൾപ്പെടുത്തിയ ഇനങ്ങളുടെ ഡാറ്റയിൽ 10% OH ഉം 10% CP യും ഉൾപ്പെടുന്നുണ്ട്. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE

സോഫ്റ്റ്‌വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

കൂടാതെ PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യുഡി മാന്വൽ, മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.6/12.2.20 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-34 അസി.എഞ്ചിനീയറുടെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലും ദേശസാൽകൃത ബാങ്കിലെ അക്കൗണ്ടിലും തുക നീക്കിയിരിപ്പുള്ളത് സംബന്ധിച്ച്

പദ്ധതി നിർവ്വഹണം സംബന്ധിച്ച ആവശ്യങ്ങൾക്കായി അവണൂർ ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയറുടെ പേരിൽ മെഡിക്കൽ കോളേജ് കാമ്പസ് സബ്ട്രഷറിയിലുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ (അക്കൗണ്ട് നം.799011400001902) 31.03.2019 ൽ 6,04,329/- രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. 08.09.2019 വരെയുള്ള ഇടപാടുകൾ രേഖപ്പെടുത്തിയ സ്പെഷ്യൽ ടി.എസ്.ബി. പാസ്സ്ബുക്ക് പ്രകാരം മേൽ തുകയിൽ 60,093/- രൂപ ഇനിയും ചെലവഴിക്കാനായി അവശേഷിക്കുന്നുണ്ട്.

അവണൂർ ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ.യിൽ ഉള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.33385840072), ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 25/03/2019 ൽ 13,079/- രൂപ നീക്കിയിരിപ്പുണ്ട്.

മേൽ അക്കൗണ്ടുകൾ സംബന്ധിച്ച് താഴെ പറയുന്ന അന്വേഷണങ്ങൾക്ക് മറുപടി നൽകേണ്ടതാണ്.

1. പദ്ധതി നിർവ്വഹണത്തിനായി പിൻവലിച്ച ശേഷം ചെലവഴിക്കാതെ ഏതെങ്കിലും തുക മേൽ അക്കൗണ്ടുകളിൽ അവശേഷിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ പിൻവലിച്ച തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ബാധ്യതകളോ, ആദായ നികുതി, KCWWF, VAT,GST മുതലായ റിക്കവറികളോ മേൽ അക്കൗണ്ടുകളിൽ നിന്നും നൽകുവാൻ അവശേഷിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

3. പദ്ധതി നിർവ്വഹണത്തിനായി ആരംഭിച്ച മേൽ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് വിനിയോഗം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ടി അക്കൗണ്ടുകളിലെ ഇടപാടുകൾ പ്രത്യേകമായി രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.19/14.2.20 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-35 മരാമത്ത് പ്രവൃത്തികൾ -ടെണ്ടറുകൾ മത്സരാധിഷ്ഠിതമല്ല

2018-19 വർഷം പൊതുമരാമത്ത് മേഖലയിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ, നടപ്പാക്കിയ പ്രോജക്ടുകൾ, വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് | നടപ്പാക്കിയത്/ ചെലവഴിച്ചത് | ശതമാനം |
|---|---|---|---|
| ആകെ പ്രോജക്ട് എണ്ണം | 154 | 120 | 77.9 |
| തുക | 48276702 | 27441973 | 56.84 |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 77.9% പ്രൊജക്ടുകൾ നടപ്പാക്കാനും വകയിരുത്തിയ തുകയുടെ 56.84% തുക ചെലവഴിക്കാനും മാത്രമാണ് സാധിച്ചത്.

ഓഡിറ്റ് വർഷം ടെണ്ടർ വിളിച്ച ആകെ 66 പ്രോജക്ടുകൾക്കും രണ്ട് ടെണ്ടർ മാത്രമാണ് ലഭിച്ചത്. രണ്ടിൽ കൂടുതൽ ടെണ്ടറുകൾ ലഭിച്ച ഒരു പ്രോജക്ട് പോലും ഇല്ല. കരാറുകാരിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിലും മറ്റേയാൾ എസ്റ്റിമേറ്റിനേക്കാൾ ഉയർന്ന നിരക്കിലും ടെണ്ടർ രേഖപ്പെടുത്തുന്നു. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുന്നതായി ലഭിച്ച ടെണ്ടറുകളുടെ എണ്ണവും ക്വാട്ട് ചെയ്ത നിരക്കുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മാത്രമല്ല ഇങ്ങനെ ധാരണയിലെത്തുന്നത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യത്തിന് നിരക്കുന്നതുമല്ല. ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും പഞ്ചായത്ത് ജാഗ്രത പുലർത്തുന്നില്ലെന്ന് വ്യക്തമാകുന്നു.

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗിൽ മത്സരാധിഷ്ഠിതമായി ടെണ്ടറുകൾ ലഭിക്കുന്നതിന് പൊതു മരാമത്ത് സ്റ്റാൻറിംഗ് കമ്മിറ്റി സമയോചിത ഇടപെടൽ നടത്തേണ്ടതും നേതൃത്വപരമായ പങ്ക് നിർവ്വഹിക്കേണ്ടതുമാണ്. അതോടൊപ്പം 17 പ്രവൃത്തികൾ മാത്രമാണ് ഇ-ടെണ്ടർ നടത്തിയത്. 5 ലക്ഷത്തിന് മുകളിൽ അടങ്കൽ നിശ്ചയിച്ച് കൂടുതൽ പ്രവർത്തികൾ ഇ-ടെണ്ടർ നടത്തുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. മുൻ വർഷം കരാറിലേർപ്പെട്ട ശേഷം പുത്തൻകുളം നവീകരണം (97/19) എന്ന പ്രവർത്തി നാളിതു വരെ ആരംഭിക്കാത്തതായി കാണുന്നു. വിശദീകരണം നൽകേണ്ടതാണ്.

# 1-36 കാലതാമസം വരുത്തിയതിന് പിഴ ഈടാക്കിയിട്ടില്ല

2013 ൽ പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ അനുസരിച്ച് കരാറുകാരന്റെ വീഴ്ച മൂലം പ്രൊജക്ട് നിർവ്വഹണത്തിൽ കാലതാമസം വരുന്ന സന്ദർഭങ്ങളിൽ, കരാറുകാരൻ പ്രൊജക്ട് നിർവ്വഹണ കാലയളവ് ദീർഘിപ്പിക്കുന്നതിന് രേഖാമൂലം അപേക്ഷ നൽകണം. അപേക്ഷ പരിശോധിച്ച് സ്വീകര്യമാണെന്ന് കാണുന്ന പക്ഷം പ്രൊജക്ട് നിർവ്വഹണ കാലയളവ് പ്രൊജക്ട് അടങ്കലിന്റെ 1% പിഴ ഈടാക്കിക്കൊണ്ട് യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 25% ദീർഘിപ്പിച്ച് നൽകാവുന്നതാണ്. പ്രൊജക്ട് അടങ്കലിന്റെ 2% പിഴ ഈടാക്കിക്കൊണ്ട് ഇപ്രകാരം ഒരു തവണ കൂടി യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 25% വരെ നിർവ്വഹണ കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 50% ൽ അധികരിച്ച് പ്രൊജക്ട് നിർവ്വഹണ സമയം ദീർഘിപ്പിച്ച് നൽകാൻ പാടില്ല. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ 2018-19 വർഷം നിർവ്വഹണം നടത്തിയ ഏതാനും മരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണത്തിന് കരാർ എടുത്ത കരാറുകാരൻ പ്രവർത്തി കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാലയളവിനുള്ളിൽ പൂർത്തിയാക്കിയിട്ടില്ല. എന്നാൽ ഇപ്രകാരം കരാർ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരനെതിരെ പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുന്ന വിധം നടപടികൾ സ്വീകരിക്കുകയോ, സെക്ഷൻ 2112.1 പ്രകാരം കരാറുകാരനിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കാത്ത പ്രോജക്ടുകളുടെ പേര് ചുവടെ ചേർക്കുന്നു.

1) പരപ്പാറ പുല്ലണ്ണി റോഡ് റീടാറിംഗ് (167/19), കരാറുകാരൻ- കെ.കെ.മുരളീധരൻ, കരാർ നം.85/17-18,16.6.17,പി.എ.സി-150000/-

2)തെയ്യത്തും കാവ് റോഡ് റീടാറിംഗ് (215/19), കരാറുകാരൻ- എ.ആർ.മുരളീധരൻ, കരാർ നം.19/17-18,5.12.17,പി.എ.സി-276516/-

മേൽ പ്രൊജക്ടുകൾ യഥാസമയം പൂർത്തിയാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാർക്ക് ഒരിക്കൽ പോലും നിർദ്ദേശം നൽകിയതായി കാണുന്നില്ല. കരാറുകാരൻ പ്രൊജക്ട് പൂർത്തീകരിക്കുന്നതിൽ വന്ന കാലതാമസത്തിന് വിശദീകരണം നൽകേണ്ടതും നിയമപ്രകാരം സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പിഴ ഈടാക്കി അറിയിക്കേണ്ടതുമാണ്.

# 1-37 രജിസ്റ്ററുകൾ/രേഖകൾ ഹാജരാക്കിയിട്ടില്ല

പൊതുമരാമത്ത് പ്രവർത്തികളുടെ പരിശോധനയ്ക്കായി താഴെ പറയുന്ന രജിസ്റ്ററുകൾ/രേഖകൾ എന്നിവ 2/10.2.2020 നമ്പർ ഓഡിറ്റ് എൻക്വയറി മുഖേനെ ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നതാണ്.

1. എഗ്രിമെന്റ് രജിസ്റ്റർ
2. എം ബുക്കുകളുടെ രജിസ്റ്റർ
3. നിർമ്മാണസ്ഥലത്തെ സാധനങ്ങളുടെ രജിസ്റ്റർ

4. ദർഘാസ് ഫോറങ്ങളുടെ രജിസ്റ്റർ

5. ടെണ്ടർ രജിസ്റ്റർ, ഇ-ടെണ്ടർ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടെ രേഖപ്പെടുത്തിയത്

6. റോഡ് രജിസ്റ്റർ,

7. ഇ.എം.ഡി. രജിസ്റ്റർ

8. പെർഫോർമൻസ് ഗ്യാരന്റി രജിസ്റ്റർ

9. അഡീഷണൽ പെർഫോർമൻസ് ഗ്യാരന്റി രജിസ്റ്റർ

10. ആസ്തി രജിസ്റ്റർ

11. അടങ്കൽ അനുമതി രജിസ്റ്റർ

12. വകുപ്പുതല സാധനങ്ങളുടെ സ്റ്റോക്കിന്റെയും, വിതരണത്തിന്റെയും രജിസ്റ്റർ

13. റോഡ് കൺക്റ്റിവിറ്റി മാപ്പും, പ്ലാനും

14. പ്രോജക്ട് രജിസ്റ്റർ

എന്നാൽ എഗ്രിമെന്റ് രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ ഒഴികെ മറ്റൊരു രേഖകളും പരിശോധനയ്ക്കായി ഹാജരാക്കുകയുണ്ടായില്ല. പ്രസ്തുത രജിസ്റ്ററുകളല്ലാതെ നിയമം അനുശാസിക്കുന്ന മേൽ പരാമർശിച്ച രജിസ്റ്ററുകളൊന്നും തന്നെ ഗ്രാമപഞ്ചായത്തിൽ പരിപാലിച്ചുവരുന്നില്ല എന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. നിയമം അനുശാസിക്കുന്ന രജിസ്റ്ററുകളും രേഖകളും പരിപാലിക്കുന്നതിന് അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 കൺവീനർക്ക് അധികം നൽകിയ തുക - 72837/- രൂപ

DSR സ്പെസിഫിക്കേഷൻ ഉപയോഗിച്ച് പ്രൈസിൽ തയ്യാറാക്കിയിട്ടുള്ള പ്രൊജക്ടുകളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുന്ന ഇനങ്ങളുടെ യൂണിറ്റ് നിരക്കുകളിൽ 7.5% ഓവർ ഹെഡ് ചാർജ് ഉൾപ്പെടുന്നുണ്ട് . മൂല്യ വർദ്ധിത നികുതി, ആദായ നികുതി, ക്ഷേമ നിധി വിഹിതം എന്നിവ അടവാക്കുന്നതിന് വേണ്ടിയാണ് ഓവർ ഹെഡ് ചാർജ് വകയിരുത്തിയിട്ടുള്ളത്. ബിൽ അനുവദിക്കുമ്പോൾ നികുതികൾ കുറവ് ചെയ്ത തുകയാണ് കൺവീനർക്ക് നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ മൂല്യ വർദ്ധിത നികുതി കുറക്കാതെ ആദായ നികുതി, ക്ഷേമ നിധി വിഹിതം എന്നിവ മാത്രം കുറച്ചാണ് കൺവീനർക്ക് തുക അനുവദിച്ചത്. മാത്രമല്ല ക്ഷേമ നിധി വിഹിതം യഥാർത്ഥ പ്രവർത്തി മൂല്യത്തോടുകൂടി കൂട്ടിയിടുകയും അത് കുറയ്ക്കുകയുമാണ് ചെയ്തിരിക്കുന്നത്. 7.5% ഓവർ ഹെഡ് ചാർജിനു പകരം 10% ഓവർ ഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുണ്ട്. 2.5% ബില്ലിൽ കുറവു ചെയ്തിട്ടുണ്ട്. എന്നാൽ മൂല്യ വർദ്ധിത നികുതി കുറക്കാത്തതിനാലും ക്ഷേമ

നിധി വിഹിതം യഥാർത്ഥ പ്രവർത്തി മൂല്യത്തോടുകൂടി കൂട്ടിയിടുകയും ചെയ്തിട്ടുള്ളതിനാൽ താഴെ പ്പറയുന്ന പ്രവൃത്തികളിൽ കൺവീനർക്ക് അധിക തുക നൽകാനിടയായി. (1.7.2017 ന് ശേഷം നടപ്പാക്കുന്ന എല്ലാ മരാമത്ത് പ്രവൃത്തികൾക്കും GST ബാധകമായതിനാൽ മൂല്യ വർദ്ധിത നികുതിക്ക് പ്രൊവിഷൻ വച്ച തുക കുറച്ച് കൺവീനർക്ക് നൽകിയാൽ മതി)

1. ചൂലിശ്ശേരി കോളങ്ങാട്ടുകര റോഡ് റീടാറിംഗ് (153/19)

അടങ്കൽ -136218 (മെയിന്റനൻസ് ഗ്രാന്റ് )

ചെലവ് - 118000/- ബിൽ നമ്പർ - 7/18-19, 26.5.18

കരാർ നം : 70/AE/LSGD/AVR/16-17 തീയതി.30.3.17

എംബുക്ക് നം: 265/17-18

കൺവീനർ : അനൂപ് ചന്ദ്രൻ

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ, അഞ്ജലി.പി.കെ

Cl – 36.19 (DSR 2014)

കൺവീനർക്ക് നൽകാവുന്ന തുക

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 210189.71 |
| (-)വാറ്റ് 5% | 10510 |
| (-)IT.2% | 2360 |
| (-)KCWWF1% | 2102 |
| (-)ടാർ,ബാരൽ വില, 18% ജിഎസ്ടി | 88985 |
| 2.5% കുറച്ചത് | 5307 |
| കൺവീനർക്ക് അനുവദിക്കാവുന്നത് | 100926 |

കൺവീനർക്ക് നൽകിയ തുക – 113538

കൺവീനർക്ക് അധികം നൽകിയ തുക- 113538-100926=12612/-

2. തങ്ങാലൂർ പരപ്പാറ കരോർ റോഡ് റീടാറിംഗ് (138/19)

അടങ്കൽ -500000(മെയിന്റനൻസ് ഗ്രാന്റ് )

ചെലവ് - 265457/- ബിൽ നമ്പർ - 9/18-19, 26.5.18

211197/- ബിൽ നമ്പർ - 70/18-19, 26.11.18

ആകെ ചെലവ് തുക -476654/-

കരാർ നം : 8/AE/LSGD/AVR/16-17 തീയതി.6.2.17

എംബുക്ക് നം: 267/17-18, 317/17-18

TS N0 : 53226/2016-17

Est.No-2016/76490

കൺവീനർ : ഷിബു.സി.ബി

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ, അഞ്ജലി.പി.കെ

CI – 36.19 (DSR 2014)

എ) പാർട്ട് ബിൽ പ്രകാരം കൺവീനർക്ക് നൽകാവുന്ന തുക

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 273292 |
| (-)വാറ്റ് 5% | 13665 |
| (-)IT.2% | 5310 |
| (-)KCWWF1% | 2733 |
| റിടെൻഷൻ തുക | 6728 |
| 2.5% കുറച്ചത് | 6901 |
| (-)ബാരൽ വില, 18% ജിഎസ്ടി | 3667 |
| കൺവീനർക്ക് അനുവദിക്കാവുന്നത് | 234288 |

കൺവീനർക്ക് നൽകിയ തുക –250686

കൺവീനർക്ക് അധികം നൽകിയ തുക- 250686-234288=16398/-

ബി) സെക്കന്റ് & ഫൈനൽ ബിൽ പ്രകാരം കൺവീനർക്ക് നൽകാവുന്ന തുക

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 214033 |
| (-)വാറ്റ് 5% | 10702 |
| (-)IT.2% | 4281 |
| (-)KCWWF1% | 2140 |
| (-)2.5% കുറച്ചത് | 5351 |
| (-)ബാരൽ വില, 18% ജിഎസ്ടി | 4213 |
| റിടെൻഷൻ തുക കൂട്ടുക | 6728 |
| കൺവീനർക്ക് അനുവദിക്കാവുന്നത് | 194074 |

കൺവീനർക്ക് നൽകിയ തുക –204776

അധികം നൽകിയത് 204776-194074=10702/-
കൺവീനർക്ക് ഫസ്റ്റ് & ഫൈനൽ ബിൽ പ്രകാരം അധികം നൽകിയ തുക 27,100/- (16398+10702) രൂപ

3) അപ്പംകുളങ്ങര കോളനി റോഡ് കോൺക്രീറ്റിംഗ് (137/19)

അടങ്കൽ -300000 (വികസന ഫണ്ട് എസ്.സി.പി)

ചെലവ് - 247760/- ബിൽ നമ്പർ - 23/18-19, 30.7.18

കരാർ നം : 81/AE/LSGD/AVR/16-17 തീയതി.4.4.17

എംബുക്ക് നം: 240/17-18

TS N0 : 86906/2017-18

Est.No-2016/77663

കൺവീനർ : സനൽ ശങ്കർ

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ (കിമി ബോസ് കെ)

Cl – 36.19 (DSR 2014)

കൺവീനർക്ക് നൽകാവുന്ന തുക

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 245307 |
| (-)വാറ്റ് 5% | 12265 |
| (-)IT 2% | 4906 |
| (-)KCWWF1% | 2453 |
| കൺവീനർക്ക് അനുവദിക്കാവുന്നത് | 225683 |

കൺവീനർക്ക് നൽകിയ തുക – 240352

കൺവീനർക്ക് അധികം നൽകിയ തുക- 240352-225683=14669/-

4) അപ്പംകുളങ്ങര ടാങ്ക് നിർമ്മാണം (160/19)

അടങ്കൽ -500000(വികസനഫണ്ട് എസ്.സി.പി )

ചെലവ് - 257296/- ബിൽ നമ്പർ - 24/18-19, 30.7.18

43158/- ബിൽ നമ്പർ - 92/18-19, 12.3.18

ആകെ ചെലവ് തുക -318454/-

കരാർ നം : 81/AE/LSGD/AVR/16-17 തീയതി.4.4.17

എംബുക്ക് നം: 343/17-18

TS N0 : 85226/2017-18

Est.No-2017/133034

കൺവീനർ : സനൽ ശങ്കർ

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ (കിമി ബോസ്.കെ)

Cl – 36.19 (DSR 2014)

എ) പാർട്ട് ബിൽ പ്രകാരം കൺവീനർക്ക് നൽകാവുന്ന തുക

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 272570 |
| (-)വാറ്റ് 5% | 13628 |
| (-)IT.2% | 5451 |
| (-)KCWWF1% | 2725 |
| റിടെൻഷൻ തുക | 6882 |
| കൺവീനർക്ക് അനുവദിക്കാവുന്നത് | 243884 |

കൺവീനർക്ക് നൽകിയ തുക –260182

കൺവീനർക്ക് അധികം നൽകിയ തുക- 260182-243884=16298/-

ബി) സെക്കന്റ് & ഫൈനൽ ബിൽ പ്രകാരം കൺവീനർക്ക് നൽകാവുന്ന തുക

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | 43158 |
| (-)വാറ്റ് 5% | 2158 |
| (-)IT.2% | 863 |
| (-)KCWWF1% | 432 |
| കൺവീനർക്ക് അനുവദിക്കാവുന്നത് | 39705 |

കൺവീനർക്ക് നൽകിയ തുക –41863

അധികം നൽകിയത് 41863-39705=2158/-
കൺവീനർക്ക് ഫസ്റ്റ് & ഫൈനൽ ബിൽ പ്രകാരം അധികം നൽകിയ തുക 18,456/- (16298+2158) രൂപ. (ഫൈനൽ ബില്ലിൽ റിടെൻഷൻ തുക കൂട്ടി നൽകിയിട്ടില്ല)

മേൽ പറഞ്ഞ 4 പ്രവർത്തികൾക്കായി കൺവീനർക്ക് അധികം നൽകിയ തുക 72837/- രൂപ (12612+16398+10702+14669+16298+2158) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥർ -

അഞ്ജലി.പി.കെ, അസി.എഞ്ചിനീയർ - 29010/- (12612+16398)

കിമിബോസ്.കെ.അസി.എഞ്ചിനീയർ-43827/(10702+14669+16298+2158)

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 320000 | ലൈഫ് | 320000 | 0 |
| | | 150000 | പാലിന് സബ്സിഡി | 150000 | 0 |
| | | 100000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ആകെ | | | | 570000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 108000 | കിണർ റീചാർജ്ജ് | 0 | 108000 |
| | | 224805 | ലൈഫ് | 224805 | 0 |
| | | 200000 | പാലിന് സബ്സിഡി | 200000 | 0 |
| | | 170000 | സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ | 0 | 170000 |
| | | 100000 | അംഗൻവാടി പോഷകാഹാരം | 100000 | 0 |
| | | 300000 | ഭിന്നശേഷി വിദ്യാർഥികൾക്ക് | 300000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| ആകെ | | 1102805 | | 824805 | 278000 |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 26.07.19 മുതൽ 27.07.19 വരെ | കെ.എസ്.എ-ടി.എസ്.ആർ. എസ്1-1120/19(6) തീയതി 30.07.19 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ട് നമ്പർ/ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| GWD | തുള്ളാലുക്കൽ കുടിവെള്ള പദ്ധതി | 550803 | 0 | 550803 |
| GWD | ജനത കുടിവെള്ളപദ്ധതി | 100000 | 0 | 100000 |
| GWD | പാപ്പാ നഗർ കുടിവെള്ളപദ്ധതി | 350000 | 0 | 350000 |
| GWD | പഞ്ചമി കുടിവെള്ളപദ്ധതി | 200000 | 0 | 200000 |
| GWD | ഉത്രുകുളങ്ങര കുടിവെള്ളപദ്ധതി | 500000 | 0 | 500000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | | മുതൽ | |
| രാജീവ്ഗാന്ധി ഭവന | 205/ ഡി.ബി.1/15/ | 1,50,00,000 | 1,10,00,000 | 15,00,000 | മുതൽ 95,00,000 |

| | | | | | |
|---|---|---|---|---|---|
| നിർമ്മാണ പദ്ധതി | എൽ.എസ്.ജി.ഡി dt.26.08.2015 | | | | |
| | | | | | 95,00,000 |

# 4-6 ഓഡിറ്റ് റിക്കവറി

ലഭ്യമാക്കിയില്ല

# 4-7 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20573 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 20573 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20573 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2015-16 | 2-5(1)<br>2-5(2)<br>2-5(3) | 2016-17 | തൊഴിൽ നികുതി | വിവരം ലഭ്യമല്ല |

# 4-9 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,59,50,124 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,68,76,463 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 72,837 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 41,28,861 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 29,010 | ശ്രീമതി.അഞ്ജലി.പി.കെ അസി.എഞ്ചിനീയർ |

| | | | |
|---|---|---|---|
| | - | 43,827 | ശ്രീമതി.കിമി ബോസ്.കെ. അസി.എഞ്ചിനീയർ |
| ആകെ | | 72,837 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 27,92,826 | ശ്രീമതി.കെ.ബി.രെജി, സെക്രട്ടറി |
| 1-26 | 36,541 | |
| 1-27 | 12,35,967 | |
| 1-31 | 63,527 | ശ്രീമതി.കിമി ബോസ്.കെ., അസി.എഞ്ചിനീയർ |
| ആകെ | 41,28,861/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|
| ശ്രീമതി.അഞ്ജലി.പി.കെ., അസി.എഞ്ചിനീയർ | w/o ടി.സി.ശ്രീകുമാർ, ശരവണ ഭവൻ, കൊളത്തൂർ, നെല്ലായി പി.ഒ, തൃശ്ശൂർ |
| ശ്രീമതി.കിമി ബോസ്.കെ., അസി.എഞ്ചിനീയർ | കള്ളായിൽ ഹൗസ്, മ്യൂസിയം ക്രോസ് ലെയിൻ, 6th സ്ട്രീറ്റ്, ചെമ്പൂക്കാവ്, തൃശ്ശൂർ |
| ശ്രീമതി.കെ.ബി.രെജി., സെക്രട്ടറി | മലപ്പുറത്ത് ഹൗസ്, കോലഴി, തൃശ്ശൂർ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1975-76, | എൽ.എഫ്.ടി.എസ്.2-902/11/28.10.11/ 06.12.11 |
| 76-77, | |
| 77-78, | |
| 78-79, | |
| 79-80, | |
| 80-81 | |
| 81-82 | |
| 82-83 | |
| 83-84 | |
| 84-85 | |
| 88-89 | |
| 89-90 | |
| 92.93 | |
| | |

| | |
|---|---|
| 93-94 | |
| 94-95 | |
| 95-96 | എൽ.എഫ്.ടി.എസ്.2-902/11/28.10.11/ 06.12.11 |
| 96-97 | എൽ.എഫ്.ടി.9-113/97/15.06.98/15.09.98 |
| 97-98 (ചെലവ്) | എൽ.എഫ്.ടി.21-1243/98 /12.01.99 |
| 97-98 (വരവ്) | എൽ.എഫ്.ടി.21-1130/02/09.12.02/28.03.03 |
| 98-99 | എൽ.എഫ്.ടി.12-1131/02/13.12.02/28.03.03 |
| 99-2000 (പ്ലാൻ) | എൽ.എഫ്.ടി.12-921/03/15.11.03/13.01.04 |
| 99-00 (പ്ലാൻ ഒഴികെ) | എൽ.എഫ്.ടി.12-242/06/04.08.06/ 08.12.06 |
| 00-01, 01-02 (പ്ലാൻ) | എൽ.എഫ്.ടി.12-1574/03/ 08.02.04/ 21.05.04 |
| 02-03 | എൽ.എഫ്.ടി.12-774/02/07.10.06/17.11.06 |
| 03-04 | എൽ.എഫ്.ടി.12- 2852/06/18.05.07/ 09.11.07 |
| 04-05 | എൽ.എഫ്.ടി.12-1795/08/29.05.10 |
| 05-06 | എൽ.എഫ്.ടി.12-1799/08/29.05.10 |
| 06-07 | എൽ.എഫ്.ടി.പി.6-234/11/29.11.11 |
| 07-08, 08-09, 09-10 | എൽ.എഫ്.ടി.പി.6-235/11/29.11.11 |
| 10-11 | എൽ.എഫ്.ടി.പി.3-2121/11/28.02.12 |
| 11-12 | എൽ.എഫ്.ടി.(പി.3)1264/13 തീയതി 05.12.13/20.01.14 |
| 12-13 | എൽ.എഫ്.ടി.പി.3-2170/13/11.02.14/14.05.14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ.പി.3-1953/14 /14.07.15/13.10.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.3-632/16 /26-05-2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി.3-2103/16 /17-12-2016 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി3)1371/17 /10.11.2017 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി3)1807/18 തീയതി 01.12.2018/07.12.2018 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# <u>അനുബന്ധം - 1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അവണൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അവണൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം -2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br><br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ